പതിമൂന്നാം കേരളനിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 305 — 13.07.2015 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## പിടിച്ചെടുത്തതും ഉപേക്ഷിച്ച നിലയിൽ കണ്ടെടുത്തതുമായ വാഹനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.ഉബൈദുള്ള<br>,, കെ.എൻ.എ.ഖാദർ<br>,, സി.മമ്മൂട്ടി<br>,, സി.മോയിൻ കുട്ടി | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്തതും ഉപേക്ഷിച്ച നിലയിൽ കണ്ടെടുത്തതും ഉപയോഗയോഗ്യമല്ലാതായിത്തീർന്നതുമായ പോലീസിന്റെ അധീനതയിലുള്ള വിവിധതരം വാഹനങ്ങൾ ലേലം ചെയ്യാൻ മെറ്റൽ സ്ക്രാപ് ട്രേഡിംഗ് കോർപ്പറേഷനെ ഏല്പിച്ചിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ; | (എ) പോലീസ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിലെ ഉപയോഗക്ഷമമല്ലാത്തതും, വിവിധ കേസ്സുകളിലായി പോലീസ് വകുപ്പിന്റെ അധീനതയിലുള്ളതുമായ വാഹനങ്ങളും വാഹനഭാഗങ്ങളും e-Auction മുഖേന ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽ കൂട്ടാൻ മെറ്റൽ സ്ക്രാപ് ട്രേഡിംഗ് കോർപ്പറേഷന്റെ സേവനം 3 വർഷത്തേയ്ക്ക് ഉപയുക്തമാക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ എക്സിക്യൂട്ടീവ് അസിസ്റ്റന്റായ ഡോ. കെ. വാസുകി ഐ.എ.എസ്സിനെ, ഉപയോഗശൂന്യമായ വാഹനങ്ങളുടെ Recycling ഉം e-Auction നുമായി ബന്ധപ്പെട്ട് മെറ്റൽ സ്ക്രാപ് ട്രേഡിംഗ് കോർപ്പറേഷനുമായി ചേർന്ന് നടപ്പാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രോജക്റ്റിന്റെ നോഡൽ ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇതിനായി സ്ക്രാപ് ഡമ്പിംഗ് കേന്ദ്രങ്ങൾ ഉണ്ടാക്കുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാം ; | (ബി) കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്തതും ഉപേക്ഷിച്ച നിലയിൽ കണ്ടെടുത്തതും, ഉപയോഗയോഗ്യമല്ലാതായി തീർന്നതുമായ പോലീസിന്റെ അധീനതയിലുള്ള വിവിധതരം വാഹനങ്ങൾ സൂക്ഷിക്കുന്നതിനായി സ്ക്രാപ് ഡമ്പിംഗ് കേന്ദ്രങ്ങൾ കേരളത്തിൽ ഇതുവരെ മൂന്ന് ജില്ലകളിൽ ഉണ്ടാക്കിയിട്ടുണ്ട്. തിരുവനന്തപുരം സിറ്റി ജില്ലയിൽ തുമ്പ പോലീസ് സ്റ്റേഷൻ പരിധിയിൽ പൗണ്ട് കടവ് ഭാഗത്തും, കോട്ടയം ജില്ലയിൽ മേലുകാവ് പോലീസ് സ്റ്റേഷൻ പരിധിയിൽ പോലീസ് ക്വാർട്ടേഴ്സിനോടനുബന്ധിച്ചുള്ള സ്ഥലത്തും, കണ്ണൂർ ജില്ലയിൽ ചക്കരക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ പനയത്താം പറമ്പിലുമാണ് സ്ക്രാപ് ഡമ്പിംഗ് കേന്ദ്രങ്ങൾ നിലവിലുള്ളത്. മറ്റു ജില്ലകളിൽ ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (സി) | എക്സൈസ്, വനം തുടങ്ങിയ വകുപ്പുകൾ കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങളെ പ്രസ്തുത സംവിധാനം വഴി ഡിസ്പോസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് നിർദ്ദേശം നല്കിയിട്ടുണ്ടോ ? | (സി) | വനം, എക്സൈസ് വകുപ്പിലെ ഉപയോഗശൂന്യമായ വാഹനങ്ങൾ/സ്ക്രാപ്പ്, ഇ-ഓക്ഷൻ സംവിധാനം വഴി ഡിസ്പോസ് ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശം പ്രസ്തുത വകുപ്പുകളിൽ നിന്നും നൽകിയിട്ടുണ്ട്. ഇതിനായി എക്സൈസ് വകുപ്പിൽ കേരള അബ്കാരി (ഡിസ്പോസൽ ഓഫ് കോൺഫിസ്കേറ്റഡ് ആർട്ടിക്കിൾസ്) റൂൾ, 1996 ൽ ഭേദഗതി വരുത്തേണ്ടതായിട്ടുണ്ട്. ഇക്കാര്യം നികുതിവകുപ്പിൽ പരിശോധിച്ചുവരുന്നു. |

Rajani.M
സെക്ഷൻ ഓഫീസർ